# പക്ഷിക്കൂട്
## നൂതനപ്രവണതകൾ





പി.വി. പത്മനാഭൻ


മനുഷ്യർ പോലുമറിയാതെ, അവരുടെ സാമീപ്യം ഭയക്കാതെ വിസ്മയകരമായ രീതിയിൽ പക്ഷികൾ കൂടൊരുക്കുന്നതും അതിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ നിരീക്ഷിക്കുന്നതും വളരെ കൗതുകകരമായ ഒരു വസ്തുതയാണ്. ഇത്തരം കൂടുകൾ കണ്ടെത്തുകയും അവയിലെ പക്ഷികളുടെ വരവുപോക്കുകളെയും പെരുമാറ്റ രീതികളെയുംപറ്റി സരസവും സരളവുമായി പ്രതിപാദിക്കുകയും ചെയ്യുന്ന ഗ്രന്ഥം.

വില : 130 രൂപ
സീൽ: 3056
ISBN: 978-81-7638-395-0



കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

പക്ഷിക്കൂട് നൂതനപ്രവണതകൾ
പി.വി. പത്മനാഭൻ



പക്ഷിക്കൂട്
നൂതനപ്രവണതകൾ
പി.വി. പത്മനാഭൻ

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1855

College Of Avian Sciences & Management
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1855 Call No.

This book should be returned on or before the date last given below.

*Malayalam*
**PAKSHIKUDU NUTHANA PRAVANATHAKAL**

*Author*
**P.V. Padmanabhan**

First Edition : April, 2013

*Typeset at*
Beyond Publishers, Law College Junction,
Kunnukuzhy, Thiruvananthapuram - 35

*Printed at*
Mattathil Printers Pvt. Ltd.,
Changanassery

*Published by*
The State Institute of Languages, Kerala,
Thiruvananthapuram - 695 003

© The State Institute of Languages Kerala 2013

Copies : 1000

SIL / 3056 ISBN 978-81-7638-395-0

Published by the State Institute of languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level of the Government of India, Ministry of Human Resource Development, New Delhi.

**Price : Rs. 130/-** FT - 1894

# പക്ഷിക്കൂട്
# നൂതന പ്രവണതകൾ

**പി.വി. പദ്മനാഭൻ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
തിരുവനന്തപുരം

**ഫോട്ടോകൾ**

1. പുഷ്പജൻ തളിപ്പറമ്പ്
2. വിജേഷ് വള്ളിക്കുന്ന്
3. റയീസ് മോണാലിസ പഴയങ്ങാടി
4. രവിമാസ്റ്റർ ഏമ്പേറ്റ്
5. പി.വി. ശിവദാസൻ അതിയടം
6. ഇന്ദു മനോജ് പിലാത്തറ
7. ഡോ. അരുൺ കൊല്ലം
8. പി.വി. പദ്മനാഭൻ (ഗ്രന്ഥകർത്താവ്)
9. രാജേഷ് കരേള.


| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | ഡോ. എം.ആർ. തമ്പാൻ |
| എഡിറ്റർ | : | എൻ. ജയകൃഷ്ണൻ |
| പ്രൂഫ് | : | ശ്രീകല ചിങ്ങോലി |
| കവർ | : | ബിയോണ്ട് പബ്ലിഷേഴ്സ് |
| General Editor | : | Dr. M.R. Thampan |
| Editor | : | N. Jayakrishnan |
| Proof | : | Sreekala Chingoli |
| Cover | : | Beyond Publishers |


# ആമുഖം

ആഗോളവൽക്കരണത്തിന്റെയും പാശ്ചാത്യ ജീവിതരീതി അനുകരിക്കുന്നതിന്റെയും ഭാഗമായി നമ്മുടെ ആവാസവ്യവസ്ഥിതിയിൽ ഗണ്യമായ മാറ്റങ്ങൾ ഇന്ന് വന്നുകൊണ്ടിരിക്കുന്നു. ഇത് മനുഷ്യനെ മാത്രമല്ല പക്ഷിമൃഗാദികളെയും മാറ്റത്തിന്റെ വിവിധ രീതികൾ പരീക്ഷിക്കാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. തങ്ങളുടെ നിലനിൽപ്പിന് ആഘാതമേൽക്കുന്ന തരത്തിലുള്ള പരിതസ്ഥിതി ഒഴിവാക്കി മനുഷ്യന് സങ്കൽപ്പിക്കാൻ കഴിയുന്നതിലുപരി സാഹസികമായ വാസസ്ഥലങ്ങൾ തെരഞ്ഞെടുക്കുവാൻ പക്ഷികളും ഇന്ന് പ്രേരിതരായിരിക്കുകയാണ്. പണ്ട് പറവകൾക്ക് തീരെ അപ്രാപ്യമായിരുന്ന സ്ഥലങ്ങളും അവർ ഏറെ ഭയന്നിരുന്ന മനുഷ്യവാസമുള്ള പ്രദേശങ്ങളും ഇന്ന് കൂടൊരുക്കാൻ അവ തെരഞ്ഞെടുക്കുന്നതു കണ്ടാൽ നമ്മൾ വിസ്മയിച്ചുപോകും.

മനുഷ്യർ പോലുമറിയാതെ, അവരുടെ സാമീപ്യം ഭയക്കാതെ പക്ഷികൾ വിസ്മയകരമായ രീതിയിൽ കൂടൊരുക്കുന്നതും അതിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ നിരീക്ഷിക്കുന്നതും വളരെ കൗതുകകരമായ ഒരു വസ്തുതയാണ്. ഇത്തരം കൂടുകൾ കണ്ടെത്തുകയും അവയിലെ പക്ഷികളുടെ വരവുപോക്കുകളെയും പെരുമാറ്റരീതികളെയുംപറ്റി സരസവും സരളവുമായി പ്രതിപാദിക്കുകയും ചെയ്യുന്ന ഗ്രന്ഥമാണ് പി.വി. പദ്മനാഭൻ രചിച്ച 'പക്ഷിക്കൂട് നൂതന പ്രവണതകൾ'. ഇതിൽ ഒരു ഭാഗം പോലും വായനയിൽ വിരസത സൃഷ്ടിക്കില്ല എന്ന് നിസ്സംശയം പറയാം. പക്ഷിനിരീക്ഷകർക്കും പക്ഷികളെപ്പറ്റി അറിയാൻ താൽപ്പര്യമുള്ള സാധാരണക്കാർക്കും ഏറെ പ്രയോജനപ്രദവും കൗതുകകരവുമായ ഈ പുസ്തകം സാഭിമാനം ഞങ്ങൾ വായനക്കാർക്കായി സമർപ്പിക്കുന്നു.

തിരുവനന്തപുരം
ഏപ്രിൽ 2013

**ഡോ. എം.ആർ. തമ്പാൻ**
**എൻ. ജയകൃഷ്ണൻ**

## പി.വി. പദ്മനാഭൻ

1967 മെയ് 25 ന് തളിപ്പറമ്പിനടുത്തുള്ള കരിമ്പത്ത് ജനനം. കൊട്ടില ഗവ: ഹയർ സെക്കണ്ടറി സ്ക്കൂളിൽ നിന്ന് സ്ക്കൂൾ വിദ്യാഭ്യാസം. പയ്യന്നൂർ കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം. സൈൻ ബോർഡ് ആർട്ടിൽ ബിരുദം. മധുരൈ കാമരാജ് യുണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യോളജിയിലും, കേരള സർവകലാശാലയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിലും ബിരുദാനന്തരബിരുദം. ഭുവനേശ്വറിലെ ഉത്ക്കൽ സർവകലാശാലയിൽ നിന്ന് ബി. എഡും, സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്ററും (SET) നേടിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ചെറുതാഴം, പരിയാരം, കൊട്ടില എന്നീ ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ അധ്യാപകനായി ജോലി ചെയ്തിട്ടുണ്ട്. ഇപ്പോൾ കണ്ണൂരിലെ കുഞ്ഞിമംഗലം ഗവ: ഹയർസെക്കണ്ടറി സ്ക്കൂളിലെ സോഷ്യൽ സയൻസ് അധ്യാപകനായി ജോലി ചെയ്യുന്നു. പരിയാരം മെഡിക്കൽ കോളേജിനടുത്തുള്ള അതിയടം സ്വദേശിയാണ്.

പത്രങ്ങളിലും ആനുകാലികങ്ങളിലും, ടെലിവിഷൻ ചാനലുകളിലും, ആൾ ഇന്ത്യ റേഡിയോവിലും പക്ഷിക്കൂടുകളുടെ പഠനങ്ങളുമായി ബന്ധപ്പെട്ട് ധാരാളം വാർത്തകൾ വന്നിട്ടുണ്ട്. കഴിഞ്ഞ പതിനെട്ട് വർഷക്കാലമായി പക്ഷികൾ ഉപേക്ഷിച്ച കൂടുകളെക്കുറിച്ച് പഠനങ്ങൾ നടത്തി വരുന്നു. പക്ഷികൾ ഉപേക്ഷിച്ച കൂട് കണ്ടെത്തി അവ ശാസ്ത്ര - വിദ്യാഭ്യാസ പ്രദർശനങ്ങളിലൂടെ അധ്യാപകർക്കും വിദ്യാർഥികൾക്കും, പൊതുജനങ്ങൾക്കും പരിചയപ്പെടുത്തുകയും ചെയ്തുവരുന്നു.

കേരളത്തിലെ പക്ഷിക്കൂടുകൾ, പക്ഷിക്കൂട്-ഒരു പഠനം എന്നിവ മറ്റ് കൃതികളാണ്. 2007-ലെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ 'ശാസ്ത്ര സാഹിത്യ (ജനപ്രിയശാസ്ത്രം)' അവാർഡും, 2008-ലെ മുംബൈ അജിത്ത് ബാലകൃഷ്ണൻ ഫൗണ്ടേഷന്റെ' നൂതന അധ്യാപക അവാർഡും, 2009-ലെ മുണ്ടശ്ശേരി (വൈജ്ഞാനികസാഹിത്യം) അവാർഡും നേടിയിട്ടുണ്ട്. പത്മനാഭന്റെ "കേരളത്തിലെ പക്ഷിക്കൂടുകൾ" എന്ന ഗ്രന്ഥം സർവശിക്ഷാ അഭിയാന്റെ (S.S.A) റഫറൻസ് ഗ്രന്ഥം കൂടിയാണ്.


അച്ഛൻ : കെ. വി. രാമൻ നായർ (Late)
അമ്മ : പി. വി. ശ്രീദേവി
ഭാര്യ : രേഖ
മക്കൾ : രേവതി, കാർത്തിക്.
വിലാസം : ലക്ഷ്മി, Nearറെയിൽവെസ്റ്റേഷൻ,
പയ്യന്നൂർ - 670 307
ഫോൺ : 9447367915, 04972815944, 04985229915
E-mail : nestpadmanabhan@gmail.com


## ഉള്ളടക്കം


| | | |
|---|---|---|
| 1. | കൂടുകെട്ടലിൽ പക്ഷികൾ നേരിടുന്ന വെല്ലുവിളികൾ | 1 |
| 2. | കൂടുകെട്ടലിലെ നൂതന പ്രവണതകൾ | 7 |
| I. | ഇലക്ട്രിക് പോസ്റ്റിലെ കാക്കക്കൂട് | 8 |
| II. | പ്ലാസ്റ്റിക് 'അയ'യിൽ കെട്ടിയ കൂട് | 11 |
| III. | അലങ്കാര വിളക്കിലെ കൂട് | 13 |
| IV. | കമ്പിക്കൊളുത്തിലൊരുക്കിയ കൂട് | 16 |
| V. | ട്യൂബ്ലൈറ്റിലെ ബുൾബുൾക്കൂട് | 19 |
| VI. | നേന്ത്രവാഴക്കുലയിലെ ബുൾബുൾക്കൂട് | 22 |
| VII. | ഊഞ്ഞാലിലെ ബുൾബുൾക്കൂട് | 22 |
| VIII. | ഭിത്തിവിളക്കിലും കൂടുണ്ടാക്കാം | 24 |
| IX. | കക്ക വിളക്കിലും കൂടൊരുക്കാം | 27 |
| X. | മുറ്റത്തെ ക്രോട്ടൺ ചെടിയിലും കൂടൊരുങ്ങുന്നു | 30 |
| XI. | ജനൽഗ്രിൽസിലും കൂട് പണിയാം | 31 |
| XII. | പ്ലാസ്റ്റിക് ചെടിയിലെ ബുൾബുൾക്കൂട് | 33 |
| XIII. | ഇരുമ്പഴിക്കകത്തും കൂട് നിർമിക്കാം | 35 |
| XIV. | പച്ചക്കറി പന്തലിനകത്തെ പക്ഷിക്കൂട് | 36 |
| XV. | മച്ചിൽ ഒട്ടിച്ചകൂട് | 38 |
| XVI. | പരസ്യഭിത്തിയിലെ പക്ഷിക്കൂട് | 42 |
| XVII. | പുകക്കുഴലിലെ മണ്ണാത്തിക്കൂട് | 44 |

| | | |
|---|---|---|
| XVIII. | മെയിൻ സ്വിച്ച് ബോക്സിലും കൂടുപണിയാം | 47 |
| XIX. | റെയിൽവെ സ്റ്റേഷനിലെ ഇരുമ്പു പൈപ്പിനകത്തെ മണ്ണാത്തിക്കൂട് | 50 |
| XX. | റെയിൽവെ സിഗ്നൽ തൂണിലും കൂടൊരുക്കാം | 51 |
| XXI. | സ്ട്രീറ്റ് ലൈറ്റ് കവറിലെ ആറ്റക്കറുപ്പൻമാർ | 52 |
| XXII. | തെരുവുവിളക്കിന്റെ ഷെഡിനകത്തെ കൂട് | 54 |
| XXIII. | കന്നാസ്സിലെ മുനിയക്കൂട് | 56 |
| XXIV. | വീട്ടിനകത്തെ സൂചിമുഖിക്കൂട് | 57 |
| XXV. | കിണർ വലയിലും കൂടൊരുക്കാം | 58 |
| XXVI. | കഴുക്കോൽ വളയിലെ ചെവിയൻ നത്ത് | 60 |
| XXVII. | ട്യൂബ് ലൈറ്റിൽ സ്ഥാനം പിടിച്ച ചെവിയൻ നത്ത് | 62 |
| XXVIII. | വീട്ടിലെത്തിയ ചെവിയൻ നത്ത് | 64 |
| XXIX. | കസേരയിൽ ഇരിക്കുന്ന വെള്ളിമൂങ്ങ | 64 |
| XXX. | കൂടുമാറ്റം | 65 |


# 1

# കൂടുകെട്ടലിൽ പക്ഷികൾ നേരിടുന്ന വെല്ലുവിളികൾ

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും ഭൂമുഖത്ത് ഇന്ന് കണ്ടുവരുന്ന പക്ഷികളിൽ പലതും അവശേഷിക്കുമെന്ന് തോന്നുന്നില്ല. അത്രയുമധികം പരിസ്ഥിതി പ്രശ്നങ്ങളാണ് പക്ഷികൾ ഇന്ന് നേരിടുന്നത്. പരിസ്ഥിതിയിലുണ്ടാവുന്ന പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ പക്ഷികൾ തനതായ അതിജിവനമാർഗങ്ങളും കണ്ടെത്തിയിരിക്കുന്നുവെന്ന് വേണം കരുതാൻ. കൂടുകെട്ടലിൽ നൂതന തന്ത്രങ്ങളും, മാർഗങ്ങളും പരീക്ഷിച്ചുകൊണ്ടിരിക്കയാണ് പക്ഷികൾ.

കാൽ നൂറ്റാണ്ടിന് മുമ്പുവരെ പരിസ്ഥിതിയിലെ സ്വാഭാവിക ആവാസ വ്യവസ്ഥയിലായിരുന്നു പക്ഷികൾ കൂടൊരുക്കിയിരുന്നത്. ബുൾബുളുകൾ ചെറുപൊന്തകളിലെ ചെടികൾക്കിടയിലെ കവരുകളിലും, വള്ളിപ്പടർപ്പുകളിലും, കുറ്റച്ചെടികൾക്കകത്തും മറ്റും ആരും കാണാതെ കൂട് ഒളിപ്പിച്ചു വെക്കുമായിരുന്നു. അതിന് അനുസൃതമായ സാഹചര്യമായിരുന്നു പ്രകൃതിയിൽ നിന്ന് പക്ഷികൾക്ക് ലഭിച്ചിരുന്നത്. വഴിവക്കിലും, കശുമാവിൻ തോപ്പിലും, കുളക്കടവിലും, പാറപ്പറമ്പിലും ധാരാളം മുൾച്ചെടികളും (കാരമുള്ളും, കുറുക്കൻമുള്ളും), കുറ്റിച്ചെടികളും വളർന്നിരുന്നു. ഇരട്ടത്തലച്ചി ബുൾബുളിനും, തവിടൻ ബുൾബുളിനും (Red-whiskered bulbul, white-browed bulbul) അനുഗ്രഹമായിരുന്നു ഈ ചെടികൾ. ഓരോ പക്ഷിക്കും അവരുടെ കൂട് നിർമിക്കാൻ അനുയോജ്യമായ ചെടികളും. കവരുകളും തന്നെ വേണം. കൃഷി രീതിയിൽ വന്ന മാറ്റവും, മനുഷ്യരുടെ കടന്നുകയറ്റവും പരിസ്ഥിതിയിലും, ആവാസവ്യവസ്ഥയിലും കാര്യമായ മാറ്റങ്ങൾക്ക് കാരണമായി. ഈ സാഹചര്യത്തിൽ പക്ഷികൾ കൂടൊരുക്കാൻ പുതിയ മേച്ചിൽപ്പുറങ്ങൾ തേടാൻ തുടങ്ങി.

തൊട്ടാൽവാടി (തൊടുമ്പം വാടി) ചെടി വംശനാശത്തിന്റെ വക്കിലെത്തിക്കഴിഞ്ഞു. അതുപോലെ കമ്യൂണിസ്റ്റ് പച്ചയും